(സി) നടപടിക്രമങ്ങളും പൂർത്തിയാകുന്ന മുറയ്ക്ക് യോഗ്യമായ റോഡുകളും ഏറെറടുക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ പുനരുദ്ധരിച്ച റോഡുകൾ

32 [2332] ശ്രീ. എം. എ. വാഹീദ്: താഴെക്കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2001 മേയ് മാസം മുതൽ ഇതുവരെ കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള ഏതൊക്കെ റോഡുകളുടെ പണികളാണ് ഇനി ഏറെറടുക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ ചെയ്യാൻ ഉദ്ദേശിക്കുന്ന പുനരുദ്ധാരണ പണികളും ചുവടെ ചേർക്കുന്നു:

1. കണിയാപുറം-പോത്തൻകോട് റോഡ്
2. ശ്രീകാര്യം- ത്തൻകോട് റോഡ്
3. കണിയാ ു -ചിറയിൻകീഴ് റോഡ് 0/0 to 6/00
4. നരിക്കൽ പുല്ലാനിവിള ചാവടിമുക്ക് റോഡ് 0/0 to 6/00
5. അമ്പലം പായിച്ചിറ റോഡ് 0/0 to 4/450
6. വെട്ടുറോഡ് സെൻറ് ആൻഡ്രൂസ് റോഡ് 0/0 to 2/00
7. കഴക്കൂട്ടം മണ്ഡലത്തിന്റെ കീഴിൽ വരുന്ന എൻ. എച്ച്: ാഗം വീതി കൂട്ടുന്നത്

ടി പ്രവർത്തികളും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മുൻഗണനാ ക്രമത്തിൽ ഏറെറടുക്കുന്നതാണ്.

മണ്ണാർക്കാട്-മുറിയങ്കണ്ണിക്കടവ് പാലം

33 [2333] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട്-മുറിയങ്കണ്ണിക്കടവ് പാലം നിർമ്മാണത്തിന്റെ അലൈൻമെൻറ് സംബന്ധിച്ച് എന്തെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഈ പരാതി പരിഗണിച്ച് അലൈൻമെൻറിൽ നേരിയ മാറ്റം വരുത്തി പാലം നിർമ്മാണം ആരംഭിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ബന്ധപ്പെട്ടവർ സ്ഥലം പരിശോധിച്ച് ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

കണ്ണൂർ ജില്ലയിലെ റോഡുകൾ

34 [2334] ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം കണ്ണൂർ ജില്ലയിലെ എത്ര റോഡുകളുടെ പ്രവൃത്തികൾ ആരംഭിക്കാനാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly